# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 21/02/2020

## കഞ്ചാവ് കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ പോലീസ് പിടികൂടി

കൊല്ലം : ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ 2018 ൽ രജിസ്റ്റർ ചെയ്ത 1.250 കി.ഗ്രാം കഞ്ചാവ് പിടിച്ചെടുത്ത കേസിലെ രണ്ടാം പ്രതി എറണാകുളം ജില്ലായിൽ കണയന്നൂരിൽ കോലത്ത് നിരപ്പേലിൽ ദിവാകരൻ




മകൻ 37 വയസ്സുള്ള ജിനദേവിനെ ചാത്തന്നൂർ പോലീസ് രജിസ്റ്റർ ചെയ്തു. അന്വേഷണം നടന്നു കൊണ്ടിരിക്കുന്ന കേസിലെ പ്രതിയായ ജിനദേവ് ഒളിവിൽ കഴിഞ്ഞ് വരികയായിരുന്നു. കേസിലെ ഒന്നും മൂന്നും പ്രതികളായ കണ്ണനല്ലൂർ ഫൈസൽ മാൻസിലിൽ മുഹമ്മദ് ഫൈസൽ, ദാറസ്സലാം വീട്ടിൽ അബ്ദുല്ല എന്നിവർ ജാമ്യത്തിൽ കഴിഞ്ഞുവരികയാണ്. ചാത്തന്നൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ജസ്റ്റിൻ ജോൺ എസ്ഐ മാരായ സരിൻ, റിനോക്സ്, ഹരിലാൽ എഎസ്ഐ രാജേഷ് എന്നിവർ ചേർന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.